Estd:1870 A.D.
**സർക്കാർ മാനസികാരോഗ്യകേന്ദ്രം,പേരൂർക്കട പി.ഒ.,**
**തിരുവനന്തപുരം 695005**
Govt. Mental Health Centre, Peroorkada P.O., Thiruvananthapuram – 695005
Phone – 0471 – 2433868, 0471-2432689, 0471-2434762, Email – mhctvpm@gmail.com

---

**നമ്പർ : ബി1-6697/2023/മാ.ആ.കേ,തിരു.** **തീയതി, 21/11/2023**

## ദർഘാസ് പരസ്യം നം. 01/2023-2024

തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രത്തിലെ അന്തേവാസികൾക്കും, കൂട്ടിരിപ്പുകാർക്കും സദ്യ നടത്തുന്നതിനായി ദർഘാസുകൾ ക്ഷണിക്കുന്നു.

ദർഘാസുകൾ **21/12/2023** ന് പകൽ **11 am** മണിക്ക് മുമ്പായി ഈ കേന്ദ്ര ത്തിൽ ലഭിക്കേണ്ടതും, അന്നേ ദിവസം **3 PM** ന് ഹാജരായിരിക്കുന്ന ദർഘാസിലെ വ്യക്തിയോ അവർ ചുമതലപ്പെടുത്തിയവരുടെയോ സാന്നിദ്ധ്യ ത്തിൽ തുറക്കുന്നതും ആയിരിക്കും. ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തിക്ക് ദർഘാസ് ഉറപ്പിച്ച് നൽകുന്നതാണ്. ഏതെ ങ്കിലും കാരണവശാൽ അന്നേ ദിവസം പൊതു അവധിയോ, ഹർത്താലോ, മറ്റ് അവധിയോ പ്രഖ്യാപിക്കുകയാണെങ്കിൽ അടുത്ത പ്രവർത്തി ദിവസം ദർഘാസുകൾ തുറക്കുന്നതായിരിക്കും. യാതൊരു കാരണവും കൂടാതെ ദർഘാസുകൾ ഭാഗികമായോ, പൂർണ്ണമായോ റദ്ദ് ചെയ്യുന്നതിന് സൂപ്രണ്ടിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

സദ്യയുടെ ടെണ്ടറിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി എല്ലാ പ്രവത്തി ദിവസവും രാവിലെ **10.30** മണിമുതൽ **5** മണി വരെ ഈ സ്ഥാപനത്തിലെ ഓഫീസിലെ ബി 1 സെക്ഷനുമായി ബന്ധപ്പെടേണ്ടതാണ്.

ടെണ്ടർ ഫോം വിൽക്കുന്ന അവസാന തീയതി, **20/12/2023 4 PM.**

(മറുപുറം....)

## നിബന്ധനകൾ

1. ആയിരത്തിലധികം പേർക്ക് സദ്യ പാചകം ചെയ്യുന്നതിൽ മുൻപരിചയം തെളിയിച്ച്കൊണ്ടുള്ള രേഖ, Food Safety യുടെ Valid license എന്നിവയുടെ കോപ്പി ഉണ്ടായിരിക്കണം.
2. നിർദ്ദേശിക്കുന്ന ദിവസം രാവിലെ 9 മണിക്ക് സദ്യ തയ്യാറാക്കിയിരിക്കണം. തീയതി ഒരാഴ്ച മുൻപേ അറിയിക്കുന്നതായിരിക്കും.
3. സദ്യ പാചകം ചെയ്യുന്നതിനുള്ള സ്ഥലം ഈ ആശുപത്രിയിൽ തന്നെ നൽകുന്നതായിരിക്കും.
4. 1500 പേർക്കുള്ള സദ്യയാണ് പാചകം ചെയ്യേണ്ടത്.
5. വെള്ളം ഒഴികെ പാചകത്തിനുള്ള എല്ലാ സാധനങ്ങളും കൊണ്ട് വരേണ്ടതാണ്. (ഗ്യാസ് സ്റ്റൗവ്വ്, ഗ്യാസ്, പച്ചക്കറി, പലവ്യഞ്ജനം, അരി, വാഴയില, പാചകത്തിനും, വിളമ്പാനും ആവശ്യമായ പാത്രങ്ങൾ, സ്റ്റീൽ ഗ്ലാസ്, മേശപുറത്ത് വിരിക്കാൻ ആവശ്യമായ പേപ്പർ എന്നിവ സ്വന്തമായി ക്രമീകരിക്കേണ്ടതാണ്).
6. 600 പേർക്കുള്ള സദ്യ വാഴ ഇലയിൽ വിളമ്പുകാരെ കൊണ്ട് വന്ന് വിളമ്പി നൽകേണ്ടതും, 900 പേർക്കുള്ള സദ്യ വാർഡുകളിൽ വിതരണം ചെയ്യുന്നതിലേക്ക് ഈ ആശുപത്രിയിലെ കിച്ചണിൽ 10 മണിയോടെ നൽകേണ്ടതുമാണ്.

## സദ്യക്ക് ആവശ്യമായ വിഭവങ്ങൾ.

7. കുത്തരി ചോറ്, പരിപ്പ്, സാമ്പാർ, രസം, പുളിശ്ശേരി, കിച്ചടി, കൂട്ടുകറി, തോരൻ, അവിയൽ, മാങ്ങ, നാരങ്ങ, ഇഞ്ചി, ചിപ്സ്, ശർക്കര വരട്ടി, നെയ്യ്, പഴം, പപ്പടം, അട പ്രഥമൻ, സേമിയ പാൽ പായസം, ബോളി, സദ്യ വിളമ്പാൻ ആവശ്യമായ 600 വാഴയില.
8. സദ്യക്കും അനുബന്ധ ചടങ്ങുകൾക്കുമായിയുള്ള 20 അടി നീളവും 12 അടി വീതിയുമുള്ള വേദി, അലങ്കാര പണികൾ തുടങ്ങിയവ.
9. സദ്യയോടനുബന്ധിച്ച് പന്തൽ, വേദി, കസേര, മേശ (സ്റ്റീൽ) വാഷ് ബേസിൻ with tap, Pedistral fan, Cooler എന്നിവയും ഒരുക്കണം.
10. 225 പേർക്ക് ഇരുന്ന് കഴിക്കാനുള്ള 100 മീറ്റർ നീളവും 40 മീറ്റർ വീതിയിലും (400 സ്ക്വ.ഫി.) വരുന്ന ഷീറ്റ് പന്തൽ

സൂപ്രണ്ട്

1. നോട്ടീസ് ബോർഡ്, മാനസിക ആരോഗ്യകേന്ദ്രം,തിരുവനന്തപുരം
2. നോട്ടീസ് ബോർഡ്,ജില്ലാ മാതൃക ആശുപത്രി,പേരൂർക്കട
3. നോട്ടീസ് ബോർഡ് ,ജില്ലാ മെഡിക്കൽ ആഫീസ്, തിരുവനന്തപുരം
4. ആരോഗ്യ വകുപ്പ് ഡയറക്ടർ/എൻ.എച്ച്.എം വെബ് സൈറ്റ്
5. പി & ആർ ഡി (പ്രമുഖ ദിനപത്രങ്ങൾ)